# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1089** — **06.02.2020 ൽ മറുപടിക്ക്**

### കിഫ്ബി മുഖാന്തരമുള്ള പാലം നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെ എന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | 1. കിഫ്ബി 2017-18 വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി-പിഴല പാലം നിർമ്മാണം - 4000 ലക്ഷം രൂപ<br>2. കിഫ്ബി 2016-17 വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം - ഹെർബർട്ട് പാലം നിർമ്മാണം - 100 ലക്ഷം രൂപ |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതികൾ വിശദമാക്കാമോ? | (ബി) | 1. കടമക്കുടി പിഴല പാലത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചതിൻ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി, പുതുക്കിയ പ്രാഥമിക ഡിസൈൻ തയ്യാറായിട്ടുണ്ട്. ഇതനുസരിച്ചുള്ള DPR തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.<br>2. നായരമ്പലം-ഹെർബർട്ട് പാലത്തിന്റെ സാമ്പത്തികാനുമതിക്കു വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി ഈ പ്രവൃത്തിയ്ക്ക് 10.4 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ